# Kerala Catholic Bishop's Council (KCBC)

*Secretariat, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi-682 025, Kerala, India*
*Tel: +91-484-2805722, 2805815, Fax: +91-484-280614*
*E-mail: deputysecretarykcbc@gmail.com, www.kcbcsite.com*


All Kerala Press Release

*Ref: 595KCBC/K-6/KPR/DS* 30.09.2017

## ഹോട്ടലുകളിൽ ബിയർ ഉത്പാദനം
## ജനകീയ പ്രക്ഷോഭങ്ങൾ ക്ഷണിച്ചുവരുത്തും

കൊച്ചി: ഹോട്ടലുകളിൽ ബിയർ ഉത്പാദന യൂണിറ്റുകൾ തുടങ്ങാനുള്ള എക്സൈസ് വകുപ്പിന്റെ ശുപാർശ സംസ്ഥാനത്ത് നിയന്ത്രണമില്ലാത്ത മദ്യസംസ്കാരത്തിനു വഴി വയ്ക്കുന്നതാണ്. ഇത്തരം ശുപാർശകൾ നടപ്പാക്കാൻ സർക്കാർ ഇറങ്ങി പുറപ്പെടുന്നത് വൻപിച്ച ജനകീയ പ്രക്ഷോഭങ്ങൾ ക്ഷണിച്ചുവരുത്തും.

സംസ്ഥാനത്ത് എക്സൈസ് വകുപ്പിനെ കയറൂരി വിട്ടിരിക്കുന്ന പ്രതീതിയാണ്. കേരള സമൂഹത്തെ ദീർഘകാലാടിസ്ഥാനത്തിൽ തകർക്കുന്നതിനുള്ള ഗവേഷണങ്ങളാണ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. ജനതാല്പര്യങ്ങളെ വെല്ലുവിളിച്ചുകൊണ്ട് മദ്യലോബിയുടെ താല്പര്യം മാത്രം കണക്കിലെടുത്തുകൊണ്ടുള്ള പരിഷ്കാര നിർദേശങ്ങളാണുണ്ടാവുന്നതെന്നത് അത്യന്തം ഖേദകരമാണ്.

ദൈവാലയ മുറ്റത്തും വിദ്യാലയാങ്കണത്തിലും മദ്യക്കച്ചവടം നടത്താൻ ബാർ മുതലാളിമാർക്ക് അവകാശം നല്കുന്നതിന്  ശുപാർശ നല്കിയതും എക്സൈസ് വകുപ്പായിരുന്നു.  ഇതേ വകുപ്പു തന്നെയാണ് മദ്യത്തിനെതിരെയുള്ള ,സർക്കാരിന്റെ ബോധവത്ക്കരണപ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്നതും. ഇത് സർക്കാരിന്റെ മദ്യവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളെ പ്രഹസനമാക്കുന്നതാണ്. കേരളത്തെ മദ്യത്തിൽ മുക്കാൻ ഗവേഷണം നടത്തുന്ന എക്സൈസ് വകുപ്പിന് മദ്യാസക്തിക്കെതിരെ സംസാരിക്കാൻ എന്തവകാശമാണുള്ളത്? മദ്യവിരുദ്ധപ്രവർത്തനങ്ങളുടെ ചുമതല എക്സൈസ് വകുപ്പിൽ നിന്ന് എടുത്തുമാറ്റി രാഷ്ട്രീയത്തിനുപരി പൊതുജന പങ്കാളിത്തമുള്ള ഒരു സമിതിയെ ഏല്പിക്കാൻ സർക്കാർ തയ്യാറാകണം.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പിഒസി


**PRESIDENT**
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

**VICE-PRESIDENT**
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

**SECRETARY GENERAL**
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

**DEPUTY SECRETARY GENERAL**
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com